കേരളം സർക്കാർ

വിവര-പൊതുജന സമ്പർക്ക വകുപ്പ്

പരസ്യ രൂപകല്പന - ഏജൻസികളെ/ വ്യക്തികളെ എംപാനൽ ചെയ്യുന്നത് - വിജ്ഞാപനം പുറപ്പെടുവിക്കുന്നത്

റഫറൻസ് നമ്പർ : D3/552/2026-IandPRD
വിജ്ഞാപന തീയതി : 04-11-2026
അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി : 18/11/2026
സാങ്കേതിക വൈദഗ്ധ്യ അവതരണവും പരിശോധനയും : തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്
അപേക്ഷാ ഫീസ് : 1000/- രൂപ (ഓരോ വിഭാഗത്തിനും)
വിശദാംശങ്ങൾക്കായി സന്ദർശിക്കേണ്ട വെബ് സൈറ്റ് : www.prd.kerala.gov.in (Notifications Section), kerala.gov.in (What's new)
Phone No : 0471-2518673, 2518144, 2327396 (പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയം മാത്രം)

1. അപേക്ഷിക്കാവുന്ന വിഭാഗങ്ങൾ :

എ) ടെലിവിഷൻ/ തീയേറ്റർ/ സോഷ്യൽമീഡിയ/ റേഡിയോ പരസ്യ ക്രീയേറ്റീവുകൾ

ബി) അച്ചടി/ ഔട്ട് ഡോർ പരസ്യ ക്രിയേറ്റീവുകൾ

2. പൊതു യോഗ്യതാമാനദണ്ഡങ്ങൾ :

എ) ടെലിവിഷൻ/ തീയേറ്റർ/ സോഷ്യൽമീഡിയ/ റേഡിയോ പരസ്യ ക്രീയേറ്റീവുകൾ :

ടിവി തീയേറ്റർ പരസ്യചിത്രങ്ങൾ, റേഡിയോ പരസ്യം, മറ്റ് മൾട്ടി മീഡിയ കണ്ടന്റുകൾ എന്നിവ നിർമിക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് 10 പരസ്യ ക്രിയേറ്റീവുകൾ ചെയ്തിരിക്കണം.

ബി) അച്ചടി/ ഔട്ട് ഡോർ ക്രിയേറ്റീവുകൾ :

പത്രം, മാഗസിൻ, ഔട്ട്ഡോർ പരസ്യങ്ങൾ തുടങ്ങിയ ആവിഷ്കാരങ്ങൾ തയാറാക്കുന്നതിൽ കുറഞ്ഞത് രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് 10 പരസ്യ ക്രിയേറ്റീവുകൾ ചെയ്തിരിക്കണം.

3. പൊതു നിർദ്ദേശങ്ങൾ

1. സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്കും വ്യക്തികൾക്കും അപേക്ഷിക്കാം.
2. അപേക്ഷകർ ഓരോ വിഭാഗത്തിലേക്കും പ്രത്യേകം അപേക്ഷിക്കേണ്ടതാണ്.
3. ഏജൻസികൾക്ക് ജി.എസ്.ടി.ഐ.എൻ നിർബന്ധമാണ്.
4. സംസ്ഥാന സർക്കാരോ, സർക്കാർ സ്ഥാപനങ്ങളോ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പ്രസിദ്ധീകരിച്ചിട്ടുള്ള കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ അപേക്ഷിക്കേണ്ടതില്ല.
5. നിർദ്ദിഷ്ട മാതൃകയിലാണ് അപേക്ഷ സമർപ്പിക്കേണ്ടത് (അപേക്ഷയുടെ മാതൃക www.prd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.)
6. ഓരോ വിഭാഗത്തിലേക്കും പ്രത്യേകം ഫീസ് ഒടുക്കേണ്ടതാണ്. (ഓരോ വിഭാഗത്തിനും 1000/- രൂപ വീതം) ഫീസ് ഐ&പിആർഡി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയാണ് എടുക്കേണ്ടത്.

7. അപേക്ഷകർ ചെയ്തിട്ടുള്ള ഷോറീലുകൾ ക്രീയേറ്റീവുകളുടെ എഡിറ്റർ ഓപ്ഷൻ എനേബിൾ ചെയ്ത് **google link drive advtiprd@gmail.com** എന്ന **email id** യിൽ ഷെയർ ചെയ്യേണ്ടതാണ്.

8. മൂന്നു വർഷം അല്ലെങ്കിൽ വകുപ്പ് തീരുമാനിക്കുന്ന തീയതി വരെയാകും പാനലിന്റെ കാലാവധി.
9. അപേക്ഷകരുടെ ഓരോ വിഭാഗം പ്രവൃത്തിയിലുമുള്ള പരിചയം, ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഗുണമേന്മ എന്നിവ പരിഗണിച്ചാവും എംപാനൽമെന്റ്

10. സെലക്ട് കമ്മിറ്റിയുടെ നിർദേശപ്രകാരമാണ് നിശ്ചിത യോഗ്യതയുള്ളവരെ പാനലിൽ ഉൾപ്പെടുത്തുക. സെലക്ട് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

11. സംസ്ഥാനത്തിനകത്ത് ക്രീയേറ്റീവ് യൂണിറ്റും മറ്റ് അവശ്യ സാങ്കേതിക സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. 24 x 7 സേവനത്തിന് സന്നദ്ധരായിരിക്കണം. വകുപ്പിന്റെ ആവശ്യമനുസരിച്ച് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മറ്റ് ദക്ഷിണേന്ത്യൻ ഭാഷകളിൽ ഗുണനിലവാരമുള്ള ക്രീയേറ്റീവുകൾ നിർമിച്ച് നൽകാനാകണം.

12. എംപാനൽ ചെയ്യപ്പെടുന്നവർക്ക് എസ്റ്റിമേറ്റ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിനും പ്രതിഫലം നിശ്ചയിക്കുന്നതിനും ചുവടെ ചേർക്കുന്ന രീതിയാണ് സ്വീകരിക്കുക.
എ) തീയേറ്റർ, ടി.വി, സോഷ്യൽ മീഡിയ പരസ്യം, അനിമേഷൻ, ഹ്രസ്വചിത്രങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്റർ, തുടങ്ങിയ ആവിഷ്കാരങ്ങൾക്ക് ആശയവും സ്റ്റോറി ബോർഡും അടങ്ങുന്ന പ്രൊപോസൽ ഓരോ വിഭാഗത്തിലും എംപാനൽ ചെയ്തവരിൽ നിന്ന് സ്വീകരിക്കുന്നതാണ്. ആയതിലേക്കുള്ള ബജറ്റ് സീൽ ചെയ്ത കവറിൽ പ്രത്യേകം സമർപ്പിക്കണം. തെരഞ്ഞെടുക്കുന്ന പ്രൊപോസലുകളിൽ ബജറ്റ് പരിശോധിച്ച് നെഗോഷ്യേറ്റ് ചെയ്ത് നിർവഹണത്തിനുള്ള പരമാവധി തുക നിശ്ചയിക്കും. നിർമാണത്തിന് ശേഷം വകുപ്പുതല കോസ്റ്റ് കമ്മിറ്റി വിലയിരുത്തി അന്തിമ തുക പ്രതിഫലമായി നിശ്ചയിക്കുന്നതാണ്.
ബി) പരസ്യങ്ങൾ (പത്രം, മാഗസിൻ, ഔട്ട് ഡോർ), ഇൻഫോഗ്രാഫിക്സ്, മോഷൻ ഗ്രാഫിക്സ് തുടങ്ങിയവക്ക് വകുപ്പിന്റെ ആവശ്യാനുസരണം വിഷയാധിഷ്ഠിതമായി ആവിഷ്കാരങ്ങൾ തയാറാക്കിയാണ് സമർപ്പിക്കേണ്ടത്. ആയതിലേക്കുള്ള ബജറ്റ് സീൽ ചെയ്ത കവറിൽ പ്രത്യേകം സമർപ്പിക്കണം. തെരഞ്ഞെടുക്കുന്ന ഡിസൈനുകൾക്ക് ബജറ്റ് പരിശോധിച്ച് നെഗോഷ്യേറ്റ് ചെയ്യും കോസ്റ്റ് കമ്മിറ്റി വിലയിരുത്തലിന് വിധേയമായും പ്രതിഫലത്തുക നിശ്ചയിക്കുന്നതാണ്.
സി) ഓരോ വിഭാഗത്തിലേയും ആവിഷ്കാരങ്ങൾക്ക് അനുവദിക്കുന്ന പരമാവധി പ്രതിഫലത്തുക അതത് സമയത്ത് പ്രൊപോസൽ സമർപ്പിക്കുന്നതിന് മുമ്പ് അറിയിക്കുന്നതാണ്.
13. ഡയറക്ടർ, ഐ&പി.ആർ.ഡി, ഗ്രൗണ്ട് ഫ്ളോർ, സൗത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ തപാലിലോ, നേരിട്ടോ അവസാന തീയതി വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി അപേക്ഷകൾ ലഭിച്ചിരിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

4. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. **Demand Draft** (ഐ&പിആർഡി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയാണ് എടുക്കേണ്ടത്.)
2. **PAN** കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ആധാർകാർഡ് (വ്യക്തികളായ അപേക്ഷകർക്ക് മാത്രം ബാധകം)
4. സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ (സ്ഥാപനങ്ങൾക്ക് മാത്രം ബാധകം)
5. **GST** രജിസ്ട്രേഷന്റെ രേഖകൾ (സ്ഥാപനങ്ങൾക്ക് മാത്രം ബാധകം)

സബിൻ സമീദ് ഐ എ എസ്

ഡയറക്ടർ

Government of Keralam

Department of Information and Public Relations

Empanelment of Creative Agencies/Individual

APPLICATION FORM

Sl. No.	Information sought	Details to be furnished		
1	**Contact Details of the Applicant**			
1.1	Name of the Organization/ the Applicant			
1.2	Address for Communication			
1.3	Category to which the Application is Submitted	A	B	A&B
1.4	Telephone No.			
1.5	E-mail			
1.6	Website (if agency)			
1.7	Name of Key functionary and designation (if Agency)			
1.8	Email of Key functionary			
1.9	Mobile No. of Key functionary			
2	**Business Information (for agency)**			
2.1	Registration Number			
2.2	Registration Status of the			

	Organization (Public/ Private Ltd./ Company/ Society/ Trust/ Consortium/ Joint Venture/ etc.)	
2.3	Year of Establishment	
2.4	Details of Registration (attach the photocopy of the Incorporation Certificate/ Registration/ Agreement)	
2.5	PAN No.	
2.6	GST Registration No.	

DECLARATION

I / My Organization hereby solemnly declare that I / my organization have not been included in any blacklist published by the Government of Keralam or any other Government institutions within the last three years.

Signature with date

Place :

Seal (if agency)

Date :